**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2332** **07-07-2022 - ൽ മറുപടിയ്ക്ക്**

**കേന്ദ്ര സർക്കാരിന്റെ സാമ്പത്തിക നയങ്ങൾ സൃഷ്ടിച്ച ആഘാതം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ ഐ ബി സതീഷ്,<br>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി,<br>ശ്രീ. കെ.കെ. രാമചന്ദ്രൻ,<br>ശ്രീ. കെ.വി.സുമേഷ്** | | **ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | കേന്ദ്ര സർക്കാരിന്റെ സമ്പന്നാനുകൂലമായി പറയപ്പെടുന്ന സാമ്പത്തിക നയങ്ങൾ സൃഷ്ടിച്ച ആഘാതം സാധാരണക്കാരുടെ മേൽ മാത്രമായി അടിച്ചേല്പിച്ചുകൊണ്ട് ഇന്ധനത്തിനുമേൽ അഡീഷണൽ എക്സൈസ് ഡ്യൂട്ടി, സർച്ചാർജ് എന്നിവ ഏർപ്പെടുത്തി വിലക്കയറ്റത്തിന് വഴിവച്ചത് സംസ്ഥാന സമ്പദ്‌വ്യവസ്ഥയിൽ ഗുരുതരമായ ആഘാതം സൃഷ്ടിക്കുന്നതിന് കാരണമായിട്ടുണ്ടോ; | (എ) | കേന്ദ്ര സർക്കാർ പിന്തുടരുന്ന സാമ്പത്തിക നയങ്ങൾ കാരണം കേരളത്തിന് പ്രതികൂലമായ അവസ്ഥയാണ് നേരിടേണ്ടി വരുന്നത്. കേന്ദ്ര സർക്കാർ പിരിച്ചെടുക്കുന്ന സെസ്സുകളും അധിക സെസ്സുകളും സർചാർജ്ജുകളും സംസ്ഥാനങ്ങൾക്ക് വീതിച്ചു നൽകാറില്ല. സംസ്ഥാനത്തിന്റെ റവന്യൂ വരുമാനത്തിന്റെ പ്രധാന സ്രോതസ്സാണ് കേന്ദ്രത്തിൽ നിന്നുള്ള നികുതി വിഹിതവും മറ്റു കേന്ദ്രാവിഷ്കൃത പദ്ധതികളിലൂടെയുള്ള വിഭവ കൈമാറ്റവും. സംസ്ഥാനങ്ങൾക്ക് വീതിച്ച് നൽകേണ്ട നികുതി വിഭവങ്ങളുടെ അനുപാതം പതിനാലാം ധനകാര്യ കമ്മീഷനിൽ 42 ശതമാനമായിരുന്നത് പതിനഞ്ചാം ധനകാര്യ കമ്മീഷന്റെ കാലയളവിൽ 41 ശതമാനമായി കുറഞ്ഞിട്ടുണ്ട്. കേന്ദ്രാവിഷ്കൃത പദ്ധതികളുടെ വിഹിതത്തിലും കുറവുണ്ടായിട്ടുണ്ട്. ഇതിനു പുറമേ, 2023-24 ന് ശേഷം റവന്യൂ കമ്മി ഗ്രാന്റ് ലഭ്യമല്ലാതാകുകയും ജി.എസ്.ടി നഷ്ടപരിഹാരം 2022 ജൂണിൽ അവസാനിക്കുകയും കോവിഡ് കാലത്ത് കേന്ദ്ര സർക്കാർ എല്ലാ സംസ്ഥാനങ്ങൾക്കുമായി അനുവദിച്ചു നൽകിയിരുന്ന കടമെടുപ്പ് പരിധിയായ 4.5 ശതമാനം തിരികെ 3 ശതമാനത്തിലേയ്ക്ക് കൊണ്ടു വരുന്നതും സംസ്ഥാന സമ്പദ് വ്യവസ്ഥയെ പ്രതികൂലമായി ബാധിക്കും.<br><br>ഇന്ധന വിലയിലുണ്ടായിട്ടുള്ള ക്രമാതീതമായ വർദ്ധനവ് പണപ്പെരുപ്പത്തിന് കാരണമായിട്ടുണ്ട്. ഇത് സംസ്ഥാനത്തിന്റെ സമ്പദ് വ്യവസ്ഥയുടെ വിവിധ മേഖലകളെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. ഉപഭോക്തൃ സംസ്ഥാനമായ കേരളം ഭക്ഷ്യ വസ്തുകളുൾപ്പെടെ നിത്യോപയോഗ സാധനങ്ങൾ, അസംസ്കൃത വസ്തുക്കൾ എന്നിവയ്ക്കായി മറ്റു |

| | | | |
|---|---|---|---|
| | | | സംസ്ഥാനങ്ങളെയാണ് പ്രധാനമായും ആശ്രയിക്കുന്നത്. ഇന്ധന വിലയിലെ വർദ്ധനവ് ചരക്ക് ഗതാഗത ചെലവിൽ വർദ്ധനയുണ്ടാക്കുകയും അതുവഴി അവശ്യസാധനങ്ങളുടെ വില കയറ്റത്തിന് കാരണമാകുകയും ചെയ്യുന്നു. ഇന്ധന വില വർദ്ധനവ് സംസ്ഥാനത്തിന്റെ സമ്പദ് വ്യവസ്ഥയെ പൊതുവിൽ പ്രതികൂലമായാണ് ബാധിച്ചിട്ടുള്ളത്. |
| (ബി) | ഈ വർഷത്തെ കേന്ദ്ര ബഡ്ജറ്റിൽ വരുമാനത്തിന്റെ നാൽപ്പത്തിയൊന്ന് ശതമാനത്തിലധികം വായ്പ വഴിയാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിരുന്നോ; ഈ സാഹചര്യത്തിൽ കേന്ദ്രഭരണാനുകൂലികളും ജനവിരുദ്ധ സാമ്പത്തിക നയം രാജ്യത്ത് അവതരിപ്പിച്ചവരും സംസ്ഥാനത്തിന്റെ പൊതുകടം സംബന്ധിച്ച് അനാവശ്യ ആശങ്ക പരത്തി വികസനം മന്ദീഭവിപ്പിക്കാൻ ശ്രമം നടത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 2022-23 സാമ്പത്തിക വർഷത്തെ കേന്ദ്ര ബജറ്റ് എസ്റ്റിമേറ്റ് പ്രകാരം ആകെ വരുമാനത്തിന്റെ 42.09 ശതമാനം വായ്പ വഴിയാണ്. എന്നാൽ, ഇതിനെ അപേക്ഷിച്ച് സംസ്ഥാന ബജറ്റിൽ വിഭാവനം ചെയ്തിട്ടുള്ള ആകെ വരുമാനത്തിന്റെ 22.53 ശതമാനം മാത്രമേ സംസ്ഥാനം വായ്പയായി എടുക്കുന്നുള്ളൂ. |
| (സി) | വായ്പയിലൂടെ അടിസ്ഥാന സൗകര്യമേഖലയിൽ വൻതോതിൽ മൂലധന നിക്ഷേപം നടത്തി സമ്പദ് വ്യവസ്ഥ ഊർജ്ജസ്വലമാക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ എന്തൊക്കെയെന്ന് വിശദമാക്കാമോ? | (സി) | വായ്പയെടുത്ത തുക പൂർണ്ണമായും ആസ്തി വികസനപ്രവർത്തനങ്ങൾക്കുള്ള നിക്ഷേപമാക്കുകയാണ് അഭികാമ്യമായിട്ടുള്ളത്. എന്നാൽ റവന്യൂകമ്മി ഇല്ലാതായാലേ ഇത് സാദ്ധ്യമാകൂ. സാമ്പത്തിക പ്രതിസന്ധികൾക്കിടയിലും റവന്യൂകമ്മി കുറച്ചുകൊണ്ടു വരാനാണ് പരിശ്രമിക്കുന്നത്. കടമെടുക്കുന്ന ചെറിയൊരു ഭാഗം നിത്യ നിദാന ചെലവുകൾക്ക് ഉപയോഗിക്കുന്നുണ്ടെങ്കിലും ഏറിയ പങ്കും വികസന പ്രവർത്തനങ്ങൾക്കായിട്ടാണ് വിനിയോഗിക്കുന്നത്. റവന്യൂ വരുമാനവും ചെലവും സംതുലിതമാക്കുകയും ധനകമ്മി നിശ്ചിത പരിധിയിൽ നിർത്തി വായ്പാത്തുക പൂർണ്ണമായും വികസനപ്രവർത്തനങ്ങൾക്കായി വിനിയോഗിക്കുക എന്ന സമീപനമാണ് സർക്കാർ സ്വീകരിച്ചു വരുന്നത്. |

സെക്ഷൻ ഓഫീസർ